10399/കെ/2017/കെ.എസ്.എച്ച്.ഒ 25.11.2017

## കുടുംബശ്രീ ഫോട്ടോഗ്രാഫി മത്സരം - 'കുടുംബശ്രീ ഒരു നേർച്ചിത്രം'

## വിജ്ഞാപനം

### നിയമാവലി

1. 2017 നവംബർ 1 മുതൽ ഡിസംബർ 15 വരെ ഫോട്ടോകൾ അയക്കാം. ഡിസംബർ 15 വൈകുന്നേരം 5ന് ശേഷം കിട്ടുന്ന ഫോട്ടോകൾ മത്സരത്തിന് പരിഗണിക്കില്ല. ഒരാൾക്ക് അഞ്ച് ഫോട്ടോകൾ വരെ അയക്കാം.

2. ഫോട്ടോകൾ kudumbashreeprcontest@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിലോ, സിഡിയിലാക്കി വാട്ടർമാർക്ക് ചെയ്യാതെ പിആർഒ, കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസ്, ട്രിഡ ബിൽഡിങ്, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം- 695011 എന്ന വിലാസത്തിലോ അയക്കാം. അയക്കുന്നയാളുടെ പേര്, വിലാസം, ഇ-മെയിൽ അഡ്രസ്, ഫോൺ നമ്പർ എന്നിവയും നൽകണം.

3. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ പ്രതിപാദിക്കുന്ന ചിത്രങ്ങളായിരിക്കണം അയക്കേണ്ടത്. ഫോട്ടോയ്ക്കൊപ്പം അതിനെ കുറിച്ചുള്ള ലഘുവിവരണവും (ഏത് അയൽക്കൂട്ടം, അല്ലെങ്കിൽ ഏത് കുടുംബശ്രീ യൂണിറ്റ് ഇങ്ങനെയുള്ള വിവരങ്ങൾ) നൽകണം

4. ലഭിക്കുന്ന ഫോട്ടോകൾ വിദഗ്ധ ജൂറി പരിശോധിച്ച് വിലയിരുത്തിയാകും സമ്മാനർഹരെ കണ്ടെത്തുന്നത്. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.

5. മത്സരത്തിനായി അയക്കുന്ന ഫോട്ടോകൾ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള അവകാശം കുടുംബശ്രീയ്ക്കുണ്ടായിരിക്കും.

6. ഒന്നാം സമ്മാനം നേടുന്ന ചിത്രത്തിന് 20000 രൂപയും രണ്ടാം സ്ഥാനം ലഭിക്കുന്ന ചിത്രത്തിന് 10000 രൂപയും മൂന്നാം സ്ഥാനത്തെത്തുന്ന ചിത്രത്തിന് 5000 രൂപയും സമ്മാനമായി ലഭിക്കും. മറ്റ് പത്ത് ചിത്രങ്ങൾക്ക് സമാശ്വാസ സമ്മാനമായി 1000 രൂപ വീതവും ലഭിക്കും. കൂടാതെ ജൂറി തെരഞ്ഞെടുക്കുന്ന മറ്റ് 50 ചിത്രങ്ങൾക്ക് സമ്മാനമായി കേരളത്തിന്റെ കുടുംബശ്രീ മാസികയുടെ ഒരു വർഷത്തേക്കുള്ള സബ്സ്ക്രിപ്ഷൻ സൗജന്യമായി നൽകും.

7. ചിത്രങ്ങൾ അയക്കുന്ന കവറിന് പുറത്ത് 'കുടുംബശ്രീ ഒരു നേർച്ചിത്രം- ഫോട്ടോഗ്രാഫി മത്സരം' എന്ന് രേഖപ്പെടുത്തേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**